File No.LSGD-IB1/62/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.722/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/03/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം.1772/2012/തസ്വഭവ തീയതി 27.06.2012

2 സ.ഉ.(സാധാ)നം.445/2019/തസ്വഭവ തീയതി 27.02.2019

3 സ.ഉ.(സാധാ)നം.1231/2019/തസ്വഭവ തീയതി 17.06.2019

4 03.03.2020-ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

5 കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ (CITU) സംസ്ഥാന കമ്മിറ്റി 12.03.2020-ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിക്കു സമർപ്പിച്ച നിവേദനം.

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഓരോ ടെക്നിക്കൽ അസ്സിസ്റ്റന്റുമാരെ വീതം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം, അനുമതി നൽകിയിരുന്നു. ഇപ്രകാരം നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ഓരോ വർഷവും ദീർഘിപ്പിച്ചു നൽകുകയും ഇവർ നാളിതുവരെ സേവനത്തിൽ തുടർന്നു വരികയും ചെയ്യുന്നു. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ചു നൽകിയ ഇവരുടെ കരാർ കാലാവധി 31-3-2020-ന് അവസാനിക്കുന്ന സാഹചര്യത്തിൽ കരാർ കാലാവധി വീണ്ടും ദീർഘിപ്പിച്ചു നൽകണമെന്ന് കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ (CITU) സംസ്ഥാന കമ്മിറ്റി പരാമർശം (5) ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ലെ നടപടിക്കുറിപ്പിലെ ഇനം നമ്പർ (1)&(2)-ലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി കരാറടിസ്ഥാനത്തിൽ നിയമിതരായ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി, ഇവരുടെ പെർഫോമൻസ് അപ്രൈസലിന് വിധേയമായി, 1-4-2020 മുതൽ 31-3-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ ഡി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.